# കുറിക്കുകൊള്ളുന്ന മറുപടിയുമായി ഖാംനഇ

**മാർച്ച്** 20-നാണ് അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമ ഇറാൻജനതയെ അഭിസംബോധന ചെയ്ത് കത്തയച്ചത്. ഒരു പുതുയുഗത്തിന് തുടക്കംകുറിക്കാനായിരുന്നു കത്തിലെ ആഹ്വാനം; ഇരു രാഷ്ട്രങ്ങളും വർഷങ്ങളായി തുടരുന്ന ശത്രുത അവസാനിപ്പിക്കണമെന്നും. മാർച്ച് 21-ന് തന്നെ ഇറാന്റെ പരമോന്നത ആത്മീയ നേതാവ് അലി ഖാംനഇയുടെ ശക്തമായ മറുപടിയും വന്നു. എന്നാൽ, ഇറാനുമായി സംഭാഷണമാവാമെന്ന ഒബാമയുടെ വാഗ്ദാനം ഖാംനഇ തള്ളുകയോ കൊള്ളുകയോ ചെയ്തില്ല എന്നതാണ് ശ്രദ്ധേയം. പകരം, ഉഭയകക്ഷി ചർച്ചയെ ഇറാനോടുള്ള വാഷിംഗ്ടണിന്റെ രാഷ്ട്രീയ നിലപാടുമായി ബന്ധിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. ഖാംനഇ പറഞ്ഞു: "മാറ്റത്തിന്റെ ചിഹ്നമാണ് അവർ ഉയർത്തിക്കാട്ടുന്നത്. പക്ഷേ സംഭവലോകത്ത് ഞങ്ങൾ ഒരു മാറ്റവും കാണുന്നില്ല." ഉഭയകക്ഷി ചർച്ചയോടുള്ള തന്റെ നിലപാട് അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു. "വാക്കുകളിൽ മാത്രം മാറ്റമുണ്ടായാൽ മതിയാവുകയില്ല. നിങ്ങൾ ആദ്യം സ്വയം മാറൂ. എങ്കിൽ ഞങ്ങളും ഞങ്ങളുടെ രീതി മാറ്റാം."



ഖാംനഇ

ഖാംനഇയുടെ ഈ നിലപാടിൽ പുതുമയൊന്നുമില്ല. ഇറാനുമായി ചർച്ചയാകാം എന്ന് ഒബാമ പ്രഖ്യാപിച്ചതു മുതൽ പല മുതിർന്ന ഇറാൻ നേതാക്കളും ഇതേ നിലപാട് ആവർത്തിച്ചിരുന്നു. ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദ് പറഞ്ഞു: "മാറ്റം ഉദ്ദേശിക്കുന്നുണ്ടെന്ന് പറയുന്നവർ ആദ്യം ഇറാൻജനതയോട് മാപ്പു ചോദിക്കട്ടെ. ഈ സമൂഹത്തോട് ചെയ്ത കുറ്റകൃത്യങ്ങളുടെ കറുത്ത ഏടുകൾ നന്നാക്കിയെടുക്കാനും അവർ ശ്രമിക്കട്ടെ."

എന്നാൽ അമേരിക്ക-ഇറാൻ ബന്ധത്തെക്കുറിച്ച് പരമോന്നത ആത്മീയ നേതാവ് തന്നെ നേരിട്ട് നിലപാട് വ്യക്തമാക്കുന്നത് ഇറാനിയൻ വിപ്ലവാനന്തര ചരിത്രത്തിൽതന്നെ ആദ്യമായാണെന്ന് അറബ് രാഷ്ട്രീയ നിരീക്ഷകനായ മഹ്മൂദ് അബ്ദ അലി പറയുന്നു. മുമ്പ് ചെയ്തതുപോലെ, മറ്റാരെയെങ്കിലും ഇതിന് മറുപടി പറയാൻ ചുമതലപ്പെടുത്താമായിരുന്നു. ഈ അർഥത്തിൽ ഖാംനഇയുടെ വാക്കുകൾക്ക് വലിയ രാഷ്ട്രീയ പ്രാധാന്യമുണ്ട്. ■

# 'ഹദസ്' സ്വന്തമായ വഴികളിലൂടെ

'ഹദസ്' എന്നാൽ അൽഹർകത്തുദ്ദസ്തൂരിയതുൽ ഇസ്‌ലാമിയ്യ എന്നതിന്റെ ചുരുക്കപ്പേര്. ഇസ്‌ലാമിക ഭരണഘടനാ പ്രസ്ഥാനം. കുവൈത്ത് രാഷ്ട്രീയത്തിൽ സജീവമായി ഇടപെടുന്ന ഇസ്‌ലാമിക കൂട്ടായ്മയാണിത്. എന്തൊക്കെ പേരിൽ അറിയപ്പെട്ടാലും അറബ് ലോകത്ത് പൊതുവെ അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ ആണ് ഏതാണ്ടെല്ലാ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെയും പ്രതിനിധീകരിക്കുന്നത്. കുവൈത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഇഖ്‌വാന്റെ ആശയാദർശങ്ങളിൽ ആകൃഷ്ടരായ ഒരു വിഭാഗം നാൽപതുകളിലും അമ്പതുകളുടെ തുടക്കത്തിലും ജംഇയ്യത്തുൽ ഇർശാദ് എന്ന പേരിൽ രാഷ്ട്രീയത്തിൽ സജീവമായിരുന്നു. മനുഷ്യാവകാശങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന 1962-ലെ ഭരണഘടന രൂപകൽപന ചെയ്യുന്നതിൽ ഇസ്‌ലാമിസ്റ്റുകൾക്ക് ചെറുതല്ലാത്ത പങ്കുണ്ട്. ഈ ഭരണഘടനയുടെ സംരക്ഷണം സംഘടനയുടെ മുഖ്യ ലക്ഷ്യങ്ങളിലൊന്നായി പ്രഖ്യാപിച്ചതുകൊണ്ടാണ് 'ഭരണഘടനാ പ്രസ്ഥാനം' എന്ന് അതിന് പേരിട്ടത്.

അതേസമയം ആഗോളതലത്തിൽ ഇഖ്‌വാനുമായി ഔദ്യോഗിക ബന്ധങ്ങൾ മുറിച്ചുകളഞ്ഞ പ്രസ്ഥാനം കൂടിയാണ് ഹദസ്. തന്ത്രപരമായ കാരണങ്ങൾ മാത്രമല്ല അതിന് പിന്നിലുള്ളത്. സദ്ദാമിന്റെ കുവൈത്ത് അധിനിവേശകാലത്ത് സദ്ദാമിനെ പരോക്ഷമായി അനുകൂലിക്കുന്ന നിലപാടാണ് ചില ഇഖ്‌വാൻ വൃത്തങ്ങളെങ്കിലും സ്വീകരിച്ചത് എന്ന് അവർക്ക് പരാതിയുണ്ട്. അങ്ങനെയാണ് 1991-ൽ ഹദസിന് രൂപം നൽകുന്നത്. "പൊതുജീവിതവുമായി ബന്ധപ്പെട്ട് കുവൈത്ത് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഇക്കാര്യത്തിലൊക്കെ ഒരു വ്യക്തത വരുത്താനാണ് സ്വതന്ത്രമായി നിൽക്കാൻ തീരുമാനിച്ചത്. ഭരണഘടനാ പ്രസ്ഥാനം എന്നതുകൊണ്ട് മറ്റുള്ളവരൊക്കെ ഭരണഘടനയെ തള്ളിപ്പറയുന്നവരാണ് എന്ന് അർഥമില്ല. രാജ്യപുരോഗതിക്കായി സമർപ്പിക്കപ്പെടുന്ന നിർദേശങ്ങൾ ആരുടെ ഭാഗത്തുനിന്നായാലും ഞങ്ങളതിനെ സ്വാഗതം ചെയ്യും." കോൺസ്റ്റിറ്റ്യൂഷനൽ മൂവ്മെന്റിന്റെ ഉപാധ്യക്ഷൻ മുഹമ്മദ് ദല്ലാൽ *ഇസ്‌ലാം ഓൺലൈനോട്* പറഞ്ഞു.

സംഘടന വികസനത്തെക്കുറിച്ച് വാചാലമാണെങ്കിലും സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തം പോലുള്ള വിഷയങ്ങളിൽ യാഥാസ്ഥിതിക നിലപാടുകൾ തുടരുകയാണ്. സംഘടനക്കകത്ത് തന്നെ അത് സംവാദങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്. സ്ത്രീയുടെ രാഷ്ട്രീയ പങ്കാളിത്തത്തെക്കുറിച്ച് ക്രിയാത്മകമായ ഒരു കാൽവെപ്പ് ഉണ്ടാവുമെന്ന് തന്നെയാണ് മുഹമ്മദ് ദല്ലാലിന്റെ പ്രതീക്ഷ. ■

# ഊദ്കച്ചവടക്കാരൻ രാഷ്ട്രീയത്തിൽ ലാഭം കൊയ്യുമോ?

**ലോക്സഭാ** തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ആരായിരിക്കും കിംഗ്മേക്കർ? മമതാ ബാനർജി, ജയലളിത വരെയുള്ള പേരുകൾ പറഞ്ഞുകേൾക്കുന്നു. അക്കൂട്ടത്തിൽ മൗലാനാ ബദ്റുദ്ദീൻ അജ്മലിന്റെ പേര് ഒരിക്കൽ പോലും പറഞ്ഞു കേട്ടിട്ടില്ല. പത്രപ്രവർത്തകർ പോലും 'അജ്മൽ ഹു?' എന്ന് അമ്പരക്കുന്നു. മൗലാന രാഷ്ട്രീയത്തിലേക്ക് വന്നിട്ട് രണ്ടുമൂന്ന് കൊല്ലമേ ആയിട്ടുള്ളൂ. അതിന് മുമ്പ് ഇന്ത്യക്ക് പുറത്തായിരുന്നു അദ്ദേഹം കൂടുതൽ അറിയപ്പെട്ടിരുന്നത്. സാക്ഷാൽ അത്തർ രാജാവെന്ന നിലയിൽ! അത്തർ കച്ചവടത്തിൽ മൗലാനയെ വെല്ലാൻ ഇന്ത്യയിലോ ഗൾഫ് നാടുകളിലോ മറ്റൊരാൾ ഇല്ലെന്നാണ് കേൾവി.



ബദ്റുദ്ദീൻ അജ്മൽ

2006-ലെ ആസാം നിയമസഭാ തെരഞ്ഞെടുപ്പിൽ ആസാം യുണൈറ്റഡ് ഡമോക്രാറ്റിക് ഫ്രണ്ട് (എ.യു.ഡി.എഫ്) എന്ന കൂട്ടായ്മയിലൂടെയാണ് അജ്മലിന്റെ രാഷ്ട്രീയ രംഗപ്രവേശം. പരമ്പരാഗത രാഷ്ട്രീയ പാർട്ടികളുടെ വാഗ്ദാന ലംഘനങ്ങളിൽ മനംമടുത്ത് ന്യൂനപക്ഷ പിന്നാക്ക സംഘടനകളുടെ പിൻബലത്തോടെയാണ് വേദി നിലവിൽ വന്നത്. അതും തെരഞ്ഞെടുപ്പിന്റെ മൂന്ന് മാസം മുമ്പ് മാത്രം. എന്നിട്ടും എ.യു.ഡി.എഫ് പത്ത് സീറ്റ് നേടി. സംഘടനയുടെ 12 സ്ഥാനാർഥികൾ 50 മുതൽ 2500 വരെ വോട്ടുകൾക്കാണ് പരാജയപ്പെട്ടത്. പതിനേഴിടങ്ങളിൽ രണ്ടാം സ്ഥാനത്തെത്തുകയും ചെയ്തു. സമയമെടുത്ത് ആസൂത്രണം ചെയ്തിരുന്നെങ്കിൽ സീറ്റുകളുടെ എണ്ണം ഇരട്ടിപ്പിക്കാമായിരുന്നു എന്ന് വ്യക്തം.

ഈയൊരു അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തുമെന്ന വാശിയോടെയാണ് ലോക്സഭാ തെരഞ്ഞെടുപ്പിൽ മൗലാന അങ്കത്തിനൊരുങ്ങുന്നത്. സംസ്ഥാനത്ത് 30 ശതമാനം വരുന്ന മുസ്‌ലിം ന്യൂനപക്ഷത്തെ മാത്രമല്ല, ആദിവാസി ഗോത്രങ്ങളെയും ഗണ്യമായി സ്വാധീനിക്കാൻ സംഘടനക്ക് കഴിഞ്ഞിരിക്കുന്നു. തോട്ടം തൊഴിലാളികളായ ആദിവാസികൾ നടത്തിയ ഒരു പ്രക്ഷോഭത്തിനിടക്ക്, ലക്ഷ്മി ഒറാൻ എന്ന ആദിവാസി സ്ത്രീയെ എതിരാളികൾ വിവസ്ത്രയാക്കിയത് വലിയ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. ലക്ഷ്മി ഇപ്പോൾ ആസാമിലെ തേസ്പൂർ മണ്ഡലത്തിൽ എ.യു.ഡി.എഫിന്റെ സ്ഥാനാർഥിയാണ്.



ലക്ഷ്മി ഒറാൻ

ആസാം കൂടാതെ ഉത്തർപ്രദേശ്, ബീഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലും സ്ഥാനാർഥികളെ നിർത്തുമെന്ന് അജ്മൽ പ്രഖ്യാപിച്ചുകഴിഞ്ഞു. ബി.ജെ.പി പോലുള്ള വിഭാഗീയ കക്ഷികളൊഴിച്ച് മറ്റാരുമായും ധാരണയുണ്ടാക്കാനും അദ്ദേഹം തയാർ. "രാജ്യത്തെ ദുർബലരും മർദിതരുമായ എൺപത് ശതമാനത്തെ പ്രതിനിധീകരിക്കാനാണ് ഞങ്ങളുടെ ശ്രമം. ഇന്ത്യൻ മുസ്‌ലിംകളെ ഒരു രാഷ്ട്രീയ ശക്തിയായി ഉയർത്തിക്കൊണ്ടുവരിക എന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. അരികിലേക്ക് മാറിനിന്നുകൊടുക്കുന്നത് നിർത്താൻ മുസ്‌ലിംകൾക്ക് സമയമായിരിക്കുന്നു. സ്വന്തം രാഷ്ട്രീയ ഭാഗധേയം കൈയേൽക്കാനുള്ള ഇഛാശക്തി അവർ കാണിക്കണം. ദുർബലർക്കും അടിച്ചമർത്തപ്പെട്ടവർക്കും മോചനത്തിന്റെ പാത വെട്ടിത്തെളിക്കേണ്ടത് തങ്ങളുടെ ബാധ്യതയാണെന്ന് അവർ മനസ്സിലാക്കണം"- അജ്മൽ വാചാലനായി.

ദയൂബന്ദ് ദാറുൽ ഉലൂം ബിരുദധാരിയും ജംഇയ്യത്തുൽ ഉലമാ (അർശദ് മദനി ഗ്രൂപ്പ്) നേതാവുമാണ് ബദ്റുദ്ദീൻ അജ്മൽ. ജീവകാരുണ്യ പ്രവർത്തനങ്ങളിലും അദ്ദേഹം മുൻപന്തിയിലുണ്ട്. പിതാവിന്റെ സ്മരണക്കായി അദ്ദേഹം നിർമിച്ച 500 ബെഡ്ഡുകളുള്ള ഹാജി അബ്ദുൽ മജീദ് മെമ്മോറിയൽ ഹോസ്പിറ്റൽ ഏഷ്യയിലെ തന്നെ മികച്ച ആതുര ശുശ്രൂഷാലയങ്ങളിലൊന്നാണ്.

പരമ്പരാഗതമായി ഊദ്കച്ചവടക്കാരാണ് അജ്മലിന്റെ കുടുംബം. ഏറ്റവും വിലപിടിപ്പുള്ള അത്തർ ആണ് ഊദ്. ഊദ്മരത്തിന്റെ തൊലിയിൽനിന്നാണ് അത് ഉണ്ടാക്കുന്നത്. ഏക്കർ കണക്കിന് ഊദ് തോട്ടങ്ങൾ അജ്മലിനുണ്ട്. ഊദ് വെട്ടാൻ പാകമാവണമെങ്കിൽ പതിനഞ്ച് കൊല്ലം വരെ കാത്തിരിക്കണം. രാഷ്ട്രീയത്തിൽ അങ്ങനെയൊന്നും കാത്തിരിക്കാനാവില്ലെന്ന നിലപാടിലാണ് അമ്പതുകാരനായ മൗലാന. ■